भारतीय गैर न्यायिक

एक सौ रुपये | Rs. 100

रु. 100 | ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA — DX 357487

05/10/2023 രണ്ടായിരത്തിയിരുപത്തിമൂന്ന് ഒക്ടോബർ അഞ്ചാംതിയതി തേവലക്കര വില്ലേജിൽ പാലയ്ക്കൽ മുറിയിൽ കൊയിപ്പുള്ളിൽ തെക്കതു വീട്ടിൽ അബ്ദുറഹ്മാൻ കുഞ്ഞ് മകൻ 79 വയസ്സുള്ള കെ എ കമറുദ്ദീൻ പേർക്ക് ജമാലുദ്ദീൻ കുഞ്ഞ് മകൻ 47 വയസ്സുള്ള ഷറഫുദ്ദീൻ പെരുംമ്പാഴത്ത് പുത്തൻവീട് പാലയ്ക്കൽ തേവലക്കര എഴുതിക്കൊടുത്ത കരാറ് ചീട്ട്. താങ്കൾ തേവലക്കര വില്ലേജ് ഓഫീസിലെ ബ്ലോക്ക് 16 ലെ 1339 എന്ന നമ്പർ തണ്ടപ്പേരും പതി ഉടമസ്ഥാവകാശപ്പെട്ടതും താങ്കളുടെ ഉടമസ്ഥതയിലും കൈവശാനുഭവത്തിലും കരം തീരുവയിലും ഇരിക്കുന്നതുമായ റീസർവ്വേ 163/1 ൽ 5 വരെ സബ് ഡിവിഷനുകളിൽ ഉൾപ്പെട്ട 8 ആർ വസ്തുവിൽ കിഴക്കുഭാഗം വില കൊടുത്തത് കഴിച്ച് ശേഷം മേൽ വസ്തുവിൽ വടക്കുവശവും പടിഞ്ഞാറ് വശവുമായി താങ്കളുടെ പണം ചിലവുചെയ്ത് പണികഴിപ്പിച്ചിട്ടുള്ളതായ കട മുറികളിൽ വടക്കോട്ട് ദർശനമായി മുൻവശം ഷട്ടർ ഇട്ടിട്ടുള്ളതും മേൽ കൂട് കോൺക്രീറ്റ് ചെയ്ത് സിമന്റ് പൂശിയിട്ടുള്ളതും

11343

16

भारतीय गैर न्यायिक

एक सौ रुपये

Rs. 100

ONE HUNDRED RUPEES

रु. 100

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DX 357487

TP-XVII 786(TP-XIX 597) എന്ന നമ്പർ കടമുറി എനിക്ക് സ്റ്റേഷനറി വ്യാപാരം നടത്തുന്ന ആവശ്യത്തിലേക്ക് പ്രതിമാസം 2900 രൂപ (രണ്ടായിരത്തി തൊള്ളായിരം രൂപ) വാടക സമ്മതിച്ച് ഇന്നുമുതൽ 11 മാസത്തേക്ക് വാടകയ്ക്ക് ആയി താക്കോൽ സഹിതം ഏറ്റെടുത്തിരിക്കുന്നതും ഡിപ്പോസിറ്റായി 10000 (പതിനായിരം രൂപമുൻകൂറായി) കൈപ്പറ്റിയിട്ടുള്ളതുമാണ്. ഓരോ മാസങ്ങളിലെയും വാടക സംഖ്യയായ 2900 രൂപ അതാത് ഇംഗ്ലീഷ് മാസങ്ങളിൽ ഒന്നാംതിയതി താങ്കൾക്ക്തന്ന് രസീത് വാങ്ങി കൊള്ളാവുന്നതും വാടക കുടിശ്ശിക വരുത്തുന്നതല്ലാത്തതും മറ്റു യാതൊരു കേടുപാടുകളും വരുത്താതെ സൂക്ഷിച്ചു കൊള്ളാവുന്നതും ഈ വാടക അവകാശം നിങ്ങളുടെ അനുവാദമില്ലാതെ മറ്റാർക്കും കൈമാറ്റം ചെയ്യപ്പെടാത്തതും ടി കടയിലേക്ക് ഞാൻ ഉപയോഗിക്കുന്ന കറണ്ട് ചാർജ് ഞാൻ തന്നെ കൊടുത്തു കൊള്ളാമെന്നും കരാർ ചെയ്ത് സമ്മതിച്ചു എഴുതിക്കൊടുത്തിരിക്കുന്നു.

N. 11722
1/9/23

16 AUG